# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1402** **02.03.2017-ൽ മറുപടിയ്ക്ക്**

**<u>ഉൾനാടൻ മത്സ്യ തൊഴിലാളികൾ</u>**

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യ തൊഴിലാളി അധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കുന്നതിനായി KIIFB യിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 17.62 കോടി രൂപയുടെ പദ്ധതികൾ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടു ണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. തകഴി ശിവശങ്കരപിളള മെമ്മോറിയൽ ഗവൺമെന്റ് യു.പി.സ്കൂൾ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 278.00 ലക്ഷം രൂപ<br><br>2. വിയാപുരം ഗവൺമെന്റ് എച്ച്.എസ്.എസ് - ന് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 488.00 ലക്ഷം രൂപ.<br><br>3. മങ്കൊമ്പ് അവിട്ടം തിരുനാൾ ജി.വി.എച്ച്.എസ്.എസ്- ന് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 800.00 ലക്ഷം രൂപ<br><br>4. കുപ്പപുറം കൈനകരി പബ്ലിക് ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം - 196.00 ലക്ഷം രൂപ<br><br>കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകാവുന്നതാണ്. |

ഫിഷറീസ് വകുപ്പു മുഖേന മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, ഭവന പുന:വൈദ്യുതീ കരണം എന്നീ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു.

ജില്ലയിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി, മത്സ്യസമൃദ്ധി പദ്ധതി, നീലവിപ്ലവം, നൂതന മത്സ്യകൃഷി രീതികൾ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

ബി) ഇപ്പോൾ ഈ മേഖലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എത്രയും വേഗം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

ബി) നിലവിൽ ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, ഭവന പുന:വൈദ്യുതീകരണം എന്നീ പദ്ധതികൾക്ക് ആവശ്യമായ തുക ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സത്വര നടപടി സ്വീകരിച്ചു വരുന്നു.

സി) ഈ മേഖലയുടെ പ്രത്യേകതകൾ പരിഗണിച്ച് കൂടുതൽ തുക ഇവിടുത്തേക്ക് അനുവദിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

സി) ഈ മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കൊണ്ടാണ് KIIFB-ൽ നിന്നുമുള്ള ധനസഹായത്തിൽ ടി മേഖലയുടെ വികസനം ലക്ഷ്യമിട്ട് 17.52 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

**സെക്ഷൻ ആഫീസർ**